# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5710 | 09.07.2012 - ൽ മറുപടിക്ക്

## പ്രത്യേക ശ്രദ്ധ ആവശ്യമുള്ള കുട്ടികൾ

**ചോദ്യം**

ശ്രീ. ബെന്നി ബഹനാൻ
ശ്രീ.എം.എ.വാഹിദ്
ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.അൻവർ സാദത്ത്

**ഉത്തരം**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

(എ) പ്രത്യേക ശ്രദ്ധ ആവശ്യമുള്ള കുട്ടികൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്;

(എ) പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന 9 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് കേന്ദ്രാവിഷ്കൃത IEDSS പദ്ധതിയിൻകീഴിൽ താഴെപ്പറയുന്ന സേവനങ്ങൾ/സഹായങ്ങൾ നൽകി വരുന്നുണ്ട്. വൈദ്യപരിശോധനാ ക്യാമ്പുകൾ വഴി കണ്ടെത്തുന്ന 40%മോ അതിലധികമോ വൈകല്യമുള്ള കുട്ടികൾക്ക് ബുക്ക് ആന്റ് സ്റ്റേഷനറി, യൂണിഫോം, ട്രാൻസ്പോർട്ട്, എസ്കോർട്ട്, റീഡർ, ഹോസ്റ്റൽ അലവൻസുകൾ എന്നിവ നൽകി വരുന്നു. ഗുരുതരമായ വൈകല്യമുള്ളവരെ സഹായിക്കുന്നതിന് ആയമാരെ നിയമിക്കുന്നു. ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി എന്നിവ ആവശ്യമുള്ള കുട്ടികൾക്ക് സൗജന്യമായി നൽകുന്നു. റിസോഴ്സ് റൂം സൗകര്യം, അതിലേക്കുള്ള ഉപകരണങ്ങൾ, ദൃശ്യ-ശ്രാവ്യ പഠനോപകരണങ്ങൾ, ടീച്ചിംഗ് ലേണിംഗ് മെറ്റീരിയൽസ്, ബ്രയിൽ ടെക്സ്റ്റ് ബുക്ക് എന്നിവയും നൽകുന്നു. ടീച്ചർമാർക്കും, പ്രധാനാദ്ധ്യാപകർക്കും, രക്ഷിതാക്കൾക്കും ബോധന/പരിശീലന പരിപാടികൾ എന്നിവ നടത്തി വരുന്നുണ്ട്. കൂടാതെ 1 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്. പ്രത്യേക പരിഗണന

അർഹിക്കുന്ന കുട്ടികൾക്ക് പഠനകാര്യത്തിലും മറ്റും സഹായിക്കുന്നതിന് പ്രത്യേക പരിശീലനം നേടിയ അദ്ധ്യാപകരെ കരാർ വ്യവസ്ഥയിൽ റിസോഴ്സ് ടീച്ചർമാരായി സ്കൂളുകളിൽ നിയമിച്ചിട്ടുണ്ട്.

സർവ്വ ശിക്ഷാ അഭിയാന്റെ സംയോജിത വികസന പദ്ധതിയിൻ കീഴിൽ കാഴ്ച വൈകല്യം, ശ്രവണ വൈകല്യം, ശാരീരിക വെല്ലുവിളികൾ എന്നിവ നേരിടുന്ന കുട്ടികൾക്കായി ബി.ആർ.സി. തലത്തിൽ വിദഗ്ദ്ധരായ ഡോക്ടർമാർ/ ടെക്നീഷ്യൻമാർ എന്നിവരുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും അർഹതയുള്ളവരെ കണ്ടെത്തി ആവശ്യമായ ഉപകരണങ്ങൾ നൽകി വരുകയും ചെയ്യുന്നു. കൂടാതെ അക്കാദമിക സഹായമായി അവധി ദിവസങ്ങളിൽ പരിഹാര ബോധന ക്ലാസ്സുകൾ പ്രത്യേക പരിശീലനം നേടിയ റിസോഴ്സ് അദ്ധ്യാപകർ വഴി നൽകി വരുന്നുണ്ട്. സ്കൂളുകളിൽ എത്തിച്ചേരാൻ കഴിയാത്ത കുട്ടികൾക്കായി ആഴ്ചയിൽ 2 ദിവസം റിസോഴ്സ് അദ്ധ്യാപകർ കുട്ടികളുടെ വീടുകളിൽ പോയി പഠിപ്പിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇവർക്ക് പഠന വിഭവ സി.ഡി.യും അദ്ധ്യാപക സഹായവും നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ; | (ബി) | ബ്രെയിൽ ടെക്സ്റ്റ് ബുക്ക് പ്രിന്റ് ചെയ്ത് അർഹരായ വിദ്യാർത്ഥികൾക്ക് സൗജന്യമായി വിതരണം നടത്തി വരുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ സഹായിക്കുന്നതിനായി MHRD നിഷ്കർഷിക്കുന്ന യോഗ്യതയുള്ള റിസോഴ്സ് അദ്ധ്യാപകരെ പൊതുവിദ്യാലയങ്ങളിൽ നിയമിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇവിടുത്തെ അദ്ധ്യാപകർക്കായി അന്യഭാഷാ പരിശീലനം നൽകുമോ; വിശദമാക്കുമോ? | (സി) | പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുന്നതിനായാണ് യോഗ്യരായ റിസോഴ്സ് അദ്ധ്യാപകരെ ഗവൺമെന്റ്/ ഗവൺമെന്റ് എയ്ഡഡ്/ പഞ്ചായത്ത് സ്കൂളുകളിൽ നിയമിച്ചിട്ടുള്ളത്. MHRD നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുള്ളവരെയാണ് നിയമിക്കുന്നത്. അന്യഭാഷാ പരിശീലനം IED പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.